ഉത്തരം

(എ) അതെ.

(ബി) ഈ സർവ്വീസിന്റെ വരുമാനം തീരെ തൃപ്തികരമല്ലാത്തതിനാലാണ് നിറുത്തലാക്കിയത്.

(സി) ഇപ്പോഴത്തെ പരിതസ്ഥിതിയിൽ പരിഗണിക്കാൻ പ്രയാസമാണ്.

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ടു കോർപ്പറേഷൻ നടത്തുന്ന ബസ് സർവ്വീസുകളുടെ സമയവിവരപ്പട്ടിക

819. [1238] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ടു കോർപ്പറേഷൻ നടത്തുന്ന ബസ് സർവ്വീസുകളുടെ സമയ വിവരപ്പട്ടിക പ്രസിദ്ധീകരിച്ചു കൊണ്ടുള്ള പുസ്തകം ഏറ്റവും ഒടുവിൽ പൊതുജനങ്ങൾക്ക് വിൽക്കുവാൻ തയ്യാറാക്കിയതെപ്പോഴാണ്;

(ബി) ഇതിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(സി) ഇപ്പോൾ നിലവിലുള്ള സമയ വിവരപ്പട്ടിക തയ്യാറാക്കി വിൽപ്പന നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1.4.1977-ൽ.

(ബി) കോപ്പി ഇതൊന്നിച്ചു അടക്കം ചെയ്യുന്നു.*

(സി) പുതിയ ടൈംടേബിൾ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്.

12 കൊല്ലത്തിലധികം പഴക്കമുള്ള ബസ്സുകൾ

820. [1239] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 12 കൊല്ലത്തിലധികം പഴക്കമുള്ള എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഒരു പുതിയ ബസ് എത്ര കൊല്ലം സർവ്വീസ് നടത്താമെന്നതിന് ഏതെങ്കിലും വ്യവസ്ഥകൾ സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ്, ഈ വ്യവസ്ഥയിൽ എപ്പോഴെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മാറ്റം വരുത്താനുള്ള കാരണം എന്താണ്?

ഉത്തരം

(എ) സംസ്ഥാനത്ത് 12 കൊല്ലത്തിലധികം പഴക്കമുള്ള 330 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

*Placed in the library.

LIBRARY ARCHIVES Kerala Legislative Assembly